ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**
**0471 2561307**

**നടപടിക്രമം**

സാങ്കേതികം - വിദ്യാഭ്യാസം - ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും സിവിൽ എൻജിനിയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ/വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയിലേയ്ക്ക് തസ്തിക മാറ്റം വഴി നിയമനം നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം ( ) വിഭാഗം**

**നം.** EC4/3454/15/DTE **തിരുവനന്തപുരം, തീയതി :I/111943/2024**

---

വായന :- 1. സർക്കാർ ഉത്തരവ് നം. ജി. ഓ. (പി) 503/2012/എച്ച്.ഇഡി.എൻ, തീയതി 12-10-2012

2. ഈ ആഫീസിലെ സർക്കുലർ നമ്പർ ഇ.ജി.3/43027/22/ഡി. ടി. ഇ തീയതി 15-03-2023

**ഉത്തരവ്**

ഈ വകുപ്പിലെ സിവിൽ വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ഡെമോൺസ്ട്രേറ്റർ/ ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികകളിലേക്ക് ട്രേഡ് ഇൻസ്ട്രക്ടർമാരിൽ നിന്നുള്ള തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനും 1:1 അനുപാതം സൂചന 1 ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള വിശേഷാൽ ചട്ടങ്ങളിൽ നിർദേശിക്കപ്പെട്ടിട്ടുണ്ട്. നിലവിൽ മൂന്ന് ഒഴിവാണ് സൂചന ഒന്നിലെ വിശേഷാൽ ചട്ട പ്രകാരം തസ്തിക മാറ്റം വഴി നികത്തപ്പെടേണ്ടത്. മേൽ സാഹചര്യത്തിൽ തസ്തിക മാറ്റ നിയമനത്തിനായി സൂചന 2 പ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട ട്രേഡ് ഇൻസ്ട്രക്ടർമാരുടെ സംയോജിത മുൻഗണന പട്ടികയിൽ നിന്നും താഴെ പറയുന്ന ഉദ്യോഗസ്ഥരെ 41300-87000/- രൂപ ശമ്പള സ്കെയിലിൽ, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ്, 1958 റൂൾ 28 (b) (ii) പ്രകാരം തസ്തിക മാറ്റം വഴി ഡെമോൺസ്ട്രേറ്റർ/വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ/ഇൻസ്ട്രക്ടർ ഗ്രേഡ് II സിവിൽ എൻജിനിയറിങ് വിഭാഗം തസ്തികയിൽ നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | മുൻ ഗണന പട്ടികയിലെ ക്രമ നമ്പർ | പേര്, ഉദ്യോഗപ്പേര്, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റപ്പെട്ട സ്ഥാപനം |
|---|---|---|---|
| 1 | 06 | ശ്രീ.സാമുവൽ ഡി സാഗർ<br>ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II (Masonry),<br>സർക്കാർ എൻജിനിയറിങ് കോളേജ്,<br>തിരുവനന്തപുരം<br>PEN: 616296 | സർക്കാർ പോളിടെക്നിക്ക് കോളേജ്,<br>കളമശ്ശേരി,എറണാകുളം<br><br>(തുറന്ന ഒഴിവ്) |
| 2 | 07 | ശ്രീ.രഞ്ജിത്കുമാർ ജി<br>ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II (സിവിൽ),<br>സർക്കാർ എൻജിനിയറിങ് കോളേജ്, | സർക്കാർ പോളിടെക്നിക്ക് കോളേജ്,<br>പെരിന്തൽമണ്ണ |

| | | | |
|---|---|---|---|
| | | പാലക്കാട്<br>PEN: 600525 | (തുറന്ന ഒഴിവ്) |
| 3 | 08 | ശ്രീമതി ബിന്ദു വി<br>ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II (Masonry), സർക്കാർ ടെക്നിക്കൽ ഹൈ സ്കൂൾ, ചെമ്പുക്കാവ്, തൃശ്ശൂർ<br>PEN:442265 | സർക്കാർ പോളിടെക്നിക്ക് കോളേജ്, കോതമംഗലം<br>(തുറന്ന ഒഴിവ്) |

തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ടു വർഷത്തെ യഥാർത്ഥ സേവനം ടി ഉദ്യോഗസ്ഥരുടെ നിരീക്ഷണകാലയളവായി പൂർത്തീകരിക്കേണ്ടതാണ്.

- **അയോഗ്യനാണെന്ന് കണ്ടെത്തുകയോ ഒഴിവില്ലാത്ത സാഹചര്യമുണ്ടാകുകയോ ചെയ്താൽ ടി തസ്തിക മാറ്റ നിയമനം റദ്ദ് ചെയ്യുന്നതാണ്.**
- ടി ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട സ്ഥാപന മേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

SHALIJ P R
DIRECTOR(I/C)

സ്വീകർത്താവ്,

1) ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്/ഉദ്യോഗ്സ്ഥർക്ക് (ഡി.റ്റി.ഇ.ഔദ്യോഗിക വെബ് സൈറ്റ് മുഖേന)
2) കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

Signed by
Shalij P R
Date: 18-07-2024 18:32:59